**ഭരണഭാഷ – മാതൃഭാഷ**

നമ്പർ. HECE/99/2020-A5

ചീഫ് എഞ്ചിനീയറുടെ കാര്യാലയം
ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ്
കമലേശ്വരം,മണക്കാട്.പി.ഒ.
തിരുവനന്തപുരം-695009
Website: www.hed.kerala.gpv.in
e-mail: ce.hed@kerala.gov.in
Telephone/FAX: 0471-2459365/2459159
തീയതി: 24/03/2020

<u>സർക്കുലർ</u>

വിഷയം - ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് - കൊറോണ നിയന്ത്രണം - സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കുന്നതിനായി ഓഫീസ് പ്രവൃത്തികളിലും ജീവനക്കാരുടെ ഹാജരിലും നിയന്ത്രണം കൊണ്ടുവരുന്നത് സം.

സൂചന - 23.03.2020 ലെ സർക്കാർ ഉത്തരവ് (കയ്യെഴുത്ത്) നം.49/2020/പൊ.ഭ.വ.

......................

കൊവിഡ്-19 പ്രതിരോധത്തിന്റെ ഭാഗമായി സംസ്ഥാനത്ത് ലോക്ഡൗൺ പ്രഖ്യാപിച്ചതിന്റെ പശ്ചാത്തലത്തിൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് കാര്യാലയങ്ങളുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട് താഴെ പറയുന്ന മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നു.

1. സർക്കാർ ഓഫീസുകളുടെ പ്രവർത്തനം പൂർണ്ണമായും ഒഴിവാക്കിയിട്ടില്ലാത്തതിനാൽ, പരിമിതമായ നിലയിൽ മാത്രം ജീവനക്കാരെ പങ്കെടുപ്പിച്ച് ഓഫീസുകൾ പ്രവർത്തിക്കേണ്ടതാണ്.
2. ദൂരയാത്രചെയ്തു വരേണ്ട ജീവനക്കാരെ, നിയന്ത്രണം നിലനിൽക്കുന്ന കാലയളവിൽ ഓഫീസിൽ ഹാജരാകുന്നതിൽ നിന്നും ഒഴിവാക്കേണ്ടതാണ്.
3. ഓരോദിവസത്തെയും ഓഫീസ് ചുമതല, ലഭ്യമായ ജീവനക്കാർക്ക് മാറിമാറി ക്രമീകരിച്ചു നൽകേണ്ടതാണ്.
4. രോഗനിയന്ത്രണവുമായി ബന്ധപ്പെട്ട് സർക്കാരോ, ജില്ലാഭരണകൂടമോ അടിയന്തര യോഗങ്ങൾ വിളിച്ചുചേർക്കാവുന്ന സാഹചര്യത്തിൽ, ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥരുടെ ഫോൺനമ്പർ അടക്കം ബന്ധപ്പെടുന്നതിനുള്ള വിവരങ്ങൾ അധികാരികൾക്ക് ലഭ്യമാക്കിയിരിക്കണം.
5. വീട്ടിൽ നിന്നും ചെയ്യാൻ കഴിയുന്ന പരമാവധി ജോലികൾ അപ്രകാരം നിർവ്വഹിക്കുന്നതിനു ജീവനക്കാർക്ക് നിർദ്ദേശം നൽകണം.
6. ഓഫീസിൽ നേരിട്ടെത്താൻ കഴിയാത്ത സന്ദർഭങ്ങളിൽ ഓഫീസ് മേധാവികൾ, ഓഫീസ് ചുമതലയുള്ള ഉദ്യോഗസ്ഥരുമായി ഫോൺ വഴിയും മറ്റ് ഇലക്ട്രോണിക്



Scanned with CamScanner

മാധ്യമങ്ങൾ വഴിയും ബന്ധപ്പെട്ട് മതിയായ നിർദ്ദേശങ്ങളും ക്രമീകരണങ്ങളും നൽകേണ്ടതാണ്.

സർക്കാരിൽ നിന്നോ വകുപ്പ മേധാവിയിൽ നിന്നോ മറ്റുരീതിയിലുള്ള നിർദ്ദേശം ലഭിക്കുന്നതുവരെ മേൽ നിർദ്ദേശങ്ങൾക്കനുസൃതമായി ഓഫീസ് പ്രവർത്തനങ്ങൾ ക്രമീകരിക്കുന്നതിന് നിർദ്ദേശിക്കുന്നു.

ചീഫ് എഞ്ചിനീയർ.

എല്ലാ ഓഫീസ് മേധാവികൾക്കും.
വെബ്സൈറ്റിലേക്ക്.

Scanned with CamScanner